# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 150

21.03.2012 ൽ മറുപടിയ്ക്ക്

## വായ്പ തിരിച്ചടവ് ഉദാരമാക്കുന്നതിനുള്ള നടപടി

**ചോദ്യം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. പാലോട് രവി
ശ്രീ. സണ്ണി ജോസഫ്
ശ്രീ. ലൂഡി ലൂയിസ്

**മറുപടി**

ശ്രീ. സി. എൻ. ബാലകൃഷ്ണൻ
(സഹകരണ വകുപ്പ് മന്ത്രി)

(എ) സഹകരണ ബാങ്കുകളിൽ വായ്പ തിരിച്ചടവ് വ്യവസ്ഥകൾ ഉദാരമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എ) സഹകരണ ബാങ്കുകളിൽ വായ്പ തിരിച്ചടവ് വ്യവസ്ഥകൾ ഉദാരമാക്കുന്നതിന് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) കേരള സഹകരണ സംഘം നിയമത്തിലെ ചട്ടം 56 (1) ൽ വായ്പ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നൽകാവുന്ന വായ്പകളുടെ പരമാവധി കാലാവധി 5 വർഷം ആയിരുന്നത് 10 വർഷം എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.

(2) നെൽകൃഷിക്ക് പലിശ രഹിത വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പാടശേഖര സമിതികൾക്ക് കൂടി ബാധകമാക്കിയിട്ടുണ്ട്.

(3) കൃത്യമായി തിരിച്ചടയ്ക്കുന്ന കാർഷിക വായ്പകൾക്ക് 5 ശതമാനം പലിശ ഇളവ് അനുവദിക്കുന്നതിനുള്ള 'ഉത്തേജന പലിശ ഇളവ് പദ്ധതി' നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(4) 2 ഏക്കർ വരെ കൃഷി ഭൂമിയുള്ള കർഷകർ എടുക്കുന്ന 25000/- രൂപ വരെയുള്ള കാർഷിക വായ്പ തിരിച്ചടയ്ക്കുമ്പോൾ മുതൽ തുകയുടെ 5 ശതമാനം പ്രോത്സാഹനമായി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | (5) ഹ്രസ്വകാല കാർഷിക വിള വായ്പകൾ 7 ശതമാനം പലിശ നിരക്കിൽ വിതരണം ചെയ്ത് വരുന്നു.<br>(6) കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2 ശതമാനം പലിശ ഇളവ് അനുവദിക്കുന്ന നബാർഡ് പദ്ധതി നിലവിലുണ്ട്.<br>(7) കൂടാതെ എല്ലാത്തരം കുടിശ്ശിക വായ്പകളും തിരിച്ചടയ്ക്കുമ്പോൾ പലിശ ഇളവ് അനുവദിച്ച് നൽകുന്നതിനുള്ള കുടിശ്ശിക നിവാരണ പദ്ധതികൾ സഹകരണ വകുപ്പ് കാലാകാലങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | സഹകരണ ബാങ്കുകൾ നൽകുന്ന വായ്പകൾക്കുള്ള റിസ്ക് ഫണ്ട് സ്കീമിൽ വായ്പ എടുക്കുന്നവർക്കായി എന്തെല്ലാം ഇളവുകളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നത്; | (ബി) | റിസ്ക് ഫണ്ട് സ്കീമിൽ ചുവടെ ചേർക്കുന്ന ഭേദഗതികൾ വരുത്താനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു.<br>1) റിസ്ക് ഫണ്ട് പദ്ധതി അനുസരിച്ച് നിലവിൽ ഒരു ലക്ഷം രൂപവരെയുള്ള മുതൽ ബാക്കി നിൽപ്പും അതിന്റെ പലിശ തുകയുമാണ് എഴുതിത്തള്ളുന്നത് ആയത് ഒന്നര ലക്ഷം വരെയുള്ള മുതലും അതിന്റെ പലിശയും എന്നാക്കി ഉയർത്തുന്നതിനുള്ള നിർദ്ദേശം.<br>2) മാരകമായ അസുഖം ബാധിച്ചവരുടെ 75000/- രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ട് പദ്ധതി പ്രകാരം എഴുതി തള്ളാനുള്ള നിർദ്ദേശം.<br>3) നിലവിൽ വായ്പക്കാരന് 65 വയസ്സ് തികയുന്നതിന് മുമ്പ് തിരിച്ചടവ് കാലാവധി തീരുന്ന വായ്പകൾക്കാണ് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുള്ളത്. ടി പ്രായപരിധി 70 വയസ്സാക്കാനുള്ള നിർദ്ദേശം. |
| (സി) | വിദ്യാഭ്യാസ വായ്പയ്ക്ക് പഠനകാലത്ത് പലിശ ഒഴിവാക്കി കൊടുക്കുവാനുള്ള പദ്ധതി സഹകരണ ബാങ്കുകളിൽ നടപ്പാക്കുമോ? | (സി) | നാലരലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശ ബാദ്ധ്യത, കേന്ദ്ര സർക്കാർ വഹിക്കുന്ന വിദ്യാഭ്യാസ വായ്പക്കുള്ള പലിശ സബ്സിഡി സ്കീമിൽ ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ കീഴിലുള്ള ഷെഡ്യൂൾഡ് ബാങ്കുകളിൽ |

നിന്നും വിതരണം ചെയ്തിട്ടുള്ള വിദ്യാഭ്യാസ വായ്പകളെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ഇന്ത്യൻ ബാങ്ക്സ് അസോസിയേഷനിൽ അംഗമായി ചേരുന്നതിന് കേരള സംസ്ഥാന സഹകരണ ബാങ്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വായ്പകൾക്ക് പഠനക്കാലത്ത് പലിശ ഒഴിവാക്കി കൊടുക്കുവാനുള്ള കേന്ദ്ര പദ്ധതി സഹകരണ ബാങ്കുകൾക്ക് കൂടി ബാധകമാക്കാൻ കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത്.

സെക്ഷൻ ഓഫീസർ